(സി) ശ്രീ. അഭിലാഷ് ബഹു. മുഖ്യമന്ത്രിക്ക് 14-10-2014-ന് സമർപ്പിച്ച 6991/14/സി.എം. എന്ന അപേക്ഷ ബഹു. ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും 23-10-2014-ന് ഫിൻ 7/81748/14-ാം നമ്പർ പ്രകാരം തിരുവനന്തപുരം നഗരസഭയിലെ കഴക്കൂട്ടം മേഖലാ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും ആയത് ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് സഹിതം 1-11-2014-ന് തിരുവനന്തപുരം നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പെൻഷൻ അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ മുൻ അപേക്ഷ അന്ന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം നിരസിച്ചിട്ടുള്ളതിനാൽ സീനിയോറിറ്റി ലഭിക്കുന്നതല്ല. നഗരസഭ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൽപ്പറ്റ കാട്ടുനായ്ക്ക കോളനിയിലെ മരണം

390 (1835) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പോഷകാഹാരക്കുറവും അജ്ഞാതരോഗവും കൊണ്ട് കൽപ്പറ്റ കാട്ടുനായ്ക്ക കോളനിയിൽ ഒരു വർഷത്തിനിടെ 12 പേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അജ്ഞാതരോഗം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) പോഷകാഹാരക്കുറവും ശുദ്ധജല ലഭ്യതയും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നടപ്പിലാക്കിയ ആരോഗ്യ സുരക്ഷിതത്വ നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയെ തുടർന്ന് അങ്കണവാടിയിലെ പോഷകാഹാര വിതരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് വച്ചാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. പോഷകാഹാരവിതരണത്തിൽ കേന്ദ്ര സർക്കാരിന്റെയും ബഹു. സുപ്രീം കോടതിയുടെയും നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 'പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾ, അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാരം റോ ഫുഡ് ആയി വീട്ടിലേക്ക് കൊടുത്തു വിടുന്നുണ്ട്. അങ്കണവാടി പ്രവർത്തനത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല പ്രാഥമികമായും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ കോളനികളിലും അങ്കണവാടി പ്രവർത്തകർ അമ്മമാരുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നു. ഭക്ഷണം കുറഞ്ഞ കുട്ടികൾക്ക് ഡബിൾ റേഷൻ നൽകുന്നതോടൊപ്പം ഡോക്ടറുടെ സേവനവും ലഭ്യമാക്കുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വിളർച്ചയുള്ള അയൺ ഗുളികകൾ വിതരണം ചെയ്യുന്നു. കൂടാതെ എല്ലാ കോളനികളിലും കുത്തിവയ്പുകളും ആരോഗ്യ ക്ലാസ്സുകളും നടത്തുന്നുണ്ട്.

നിർദ്ധനരായ വൃദ്ധജനങ്ങളുടെ ചികിത്സ

391 (1836) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വൃദ്ധജനങ്ങളുടെ ചികിത്സയും ശുശ്രൂഷയും നഗര, ഗ്രാമവ്യത്യാസമില്ലാതെ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിൽ ഇതിനായി 2013-14, 2014-15 എന്നീ വർഷങ്ങളിൽ എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ടായിരുന്നുവെന്നും, അതിൽ എന്ത് തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) ഇതിനായി പഞ്ചായത്ത് തലത്തിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ?

ഉത്തരം

(എ) വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകികൊണ്ട് സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പു രോഗികളുടെ വീടുകളിൽ എത്തി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും, തിരിച്ചു കൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സേവനങ്ങൾ നൽകുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly